प्रेस प्रकाशनी PRESS RELEASE

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

മാർച്ച് 25, 2019

**ഉത്തർപ്രദേശ് ലഖ്നോവിലെ യു.പി സിവിൽ സെക്രട്ടറിയേറ്റ് പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങളുടെ സാധുത, ആർ ബി ഐ ദീർഘിപ്പിച്ചു**

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർ ബി ഐ) ലഖ്നോവിലെ യു.പി. സിവിൽ സെക്രട്ടറിയേറ്റ് പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനു മേൽ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങൾ, 2019 മാർച്ച് 26 മുതൽ 2019 സെപ്തബർ 25 വരെ ആറു മാസക്കാലത്തേയ്ക്ക് ദീർഘിപ്പിച്ചിരിക്കുന്നു. 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എ എ സി എസ് ) സെക്ഷൻ 35 എ സബ് സെക്ഷൻ (1) പ്രകാരം , 2018 സെപ്തംബർ 19 ന് പുറപ്പെടുവിച്ച ഉത്തരവിൽ പ്രകാരം, ബാങ്ക് 2018 സെപ്തംബർ 25 മുതൽ നിയന്ത്രണ നിർദ്ദേശങ്ങൾക്കുവിധേയമായിരുന്നു.

2019 മാർച്ച് 19 നു പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം 2019 മാർച്ച 25 വരെ സാധുതയുണ്ടായിരുന്ന നിയന്ത്രണ നിർദ്ദേശങ്ങൾ, 2019 സെപ്തംബർ 25 വരെ പുനരവ ലോകനത്തിനു വിധേയമായി, ആറുമാസക്കാലത്തേയ്ക്കുടി ദീർഘിപ്പിച്ചിരിക്കു കയാണ്. 2019 മാർച്ച് 19-ലെ ഉത്തരവിൻറെ കോപ്പി, പൊതുജനങ്ങൾ വായിച്ചറിയുവാൻ വേണ്ടി, ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഉത്തരവിൽ റിസർവ് ബാങ്ക് വരുത്തിയിട്ടുള്ള ഭേദഗതിയെ, ബാങ്കിൻറെ സാമ്പത്തിക നിലവാരത്തിൽ മെച്ചപ്പെടലോ വഷളാകലോ ഉണ്ടായിട്ടുള്ളതിനാലാണ് എന്ന് കണക്കാക്കേണ്ടതില്ല. സാഹചര്യങ്ങളനുസരിച്ച് റിസർവ് ബാങ്ക്, നിർദ്ദേശങ്ങ ളിൽ ഭേദഗതികൾ വരുത്തുന്നത് പരിഗണിച്ചേയ്ക്കാം.

അജിത് പ്രസാദ്
അസിസ്റ്റൻറ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2018-2019/2274**